സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക


**ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)**

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008



അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.

വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com





ക്രമ നം. അയ്യപ്പവാണി – 13/2023

(ഉത്രം പതിപ്പ്)

ബുധനാഴ്ച, 06 ഡിസംബർ 2023

(20 വൃശ്ചികം 1199)

യുഗാബ്ദം 5125



- ശബരിമല കലണ്ടർ 2024–25 & ഉത്രം പൂജ തീയതികൾ, പൂജാസമയസരണി
- ബ്രഹ്മ മുഹൂർത്തം – മണ്ഡല കാലം
- ശബരിമലയും ഞാനും – ഭാഗം 5 : മധു കാടമ്പുഴ
- അയ്യന്റെ ദർശനം – വൈക
- പുരി ശങ്കരാചാര്യ സ്വാമി നിശ്ചലാനന്ദ
- ഗീതാശ്ലോകങ്ങൾ : അധ്യായം 2–(56 – 60)
- സുഭാഷിതം – 48
- ക്വിസ്–33
- വാർത്തകൾ





## ശബരിമല ക്ഷേത്രം – തുറക്കുന്ന/ അടക്കുന്ന ദിവസങ്ങൾ – 2024

| പൂജയുടെ പേര് | തുറക്കുന്ന വൈകിട്ട് 5.00 | അടയ്ക്കുന്ന രാത്രി 10.00 |
|---|---|---|
| മണ്ഡല പൂജ ഉത്സവം (മണ്ഡല പൂജ –27/12/2023) | 16/11/2023 | 27/12/2023 |
| മകരവിളക്ക് ഉത്സവം (മകരജ്യോതി ദർശനം –15/01/2024 വൈകുന്നേരം) | 30/12/2023 | 20/01/2024* |
| പ്രതിമാസ പൂജ (കുംഭം/ഫെബ്രുവരി) | 13/02/2024 | 18/02/2024 |
| പ്രതിമാസ പൂജ (മീനം/ മാർച്ച്) ഉത്സവം(കൊടിയേറ്റ് – 16/03/2024, ആറാട്ട് & പങ്കുനി ഉത്രം–25/03/2024) | 13/03/2024 | 25/03/2024 |
| പ്രതിമാസ പൂജ – മേടം/ഏപ്രിൽ (വിഷു – 14/04/2024) | 10/04/2024 | 18/04/2024 |
| പ്രതിമാസ പൂജ (ഇടവം/മെയ്) പ്രതിഷ്ഠാ ദിനം (19/05/2024) | 14/05/2024 | 19/05/2024 |
| പ്രതിമാസ പൂജ (മിഥുനം/ജൂൺ) | 14/06/2024 | 19/06/2024 |
| പ്രതിമാസ പൂജ (കർക്കടകം/ജൂലൈ) | 15/07/2024 | 20/07/2024 |
| പ്രതിമാസ പൂജ (ചിങ്ങം/ഓഗസ്റ്റ്) | 16/08/2024 | 21/08/2024 |
| ഓണം ഉത്സവം (തിരുവോണം – 15/09/2024) പ്രതിമാസ പൂജ (കന്നി/സെപ്റ്റംബർ) | 13/09/2024 | 21/09/2024 |
| പ്രതിമാസ പൂജ (തുലാം/ഒക്ടോബർ) | 16/10/2024 | 21/10/2024 |
| ശ്രീ ചിത്തിര ആട്ട തിരുനാൾ 31/10/2024 | 30/10/2024 | 31/10/2024 |
| മണ്ഡല പൂജ ഉത്സവം (മണ്ഡല പൂജ –26/12/2024) | 15/11/2024 | 26/12/2024 |
| മകരവിളക്ക് ഉത്സവം (മകരവിളക്ക് –14/01/2025) | 30/12/2024 | 20/01/2025 |

***20.01.2024 ന് രാവിലെ 6.00 മണിക്ക് ക്ഷേത്രം അടയ്ക്കും, പൊതുദർശനമില്ല.**

**19–ന് രാത്രി മാളികപ്പുറം ക്ഷേത്രപരിസരത്ത് ഗുരുതി.**

**19, 20 തീയതികളിലും നെയ്യഭിഷേകം ഇല്ല**

## ഉത്രം പൂജ തീയതികൾ – 2024

| നം | ആഴ്ച | ഇംഗ്ലീഷ് തീയതി/മാസം | മലയാളം തീയതി/മാസം |
|---|---|---|---|
| 1 | ബുധനാഴ്ച | 03 ജനുവരി 2024 | 18 ധനു – 1199 |
| 2 | ചൊവ്വാഴ്ച | 30 ജനുവരി | 16 മകരം |
| 3 | തിങ്കളാഴ്ച | 26 ഫെബ്രുവരി | 13 കുംഭം |
| 4 | തിങ്കളാഴ്ച | 25 മാർച്ച് | 12 മീനം |
| 5 | ഞായറാഴ്ച | 21 ഏപ്രിൽ | 08 മേടം |
| 6 | ശനിയാഴ്ച | 18 മേയ് | 04 ഇടവം |
| 7 | ശനിയാഴ്ച | 15 ജൂൺ | 01 മിഥുനം |
| 8 | വെള്ളിയാഴ്ച | 12 ജൂലൈ | 28 മിഥുനം |
| 9 | വ്യാഴാഴ്ച | 08 ഓഗസ്റ്റ് | 24 കർക്കടകം |
| 10 | ബുധനാഴ്ച | 04 സെപ്റ്റംബർ | 19 ചിങ്ങം–1200 |
| 11 | ബുധനാഴ്ച | 02 ഒക്ടോബർ | 16 കന്നി |
| 12 | ചൊവ്വാഴ്ച | 29 ഒക്ടോബർ | 13 തുലാം |
| 13 | തിങ്കളാഴ്ച | 25 നവംബർ | 10 വൃശ്ചികം |
| 14 | തിങ്കളാഴ്ച | 22 ഡിസംബർ | 07 ധനു |

## ദിവസേനയുള്ള പൂജാ സമയങ്ങൾ

| പൂജാ വിശേഷങ്ങൾ | സാധാരണ കാലം | തീർത്ഥാടനകാലം |
|---|---|---|
| ശ്രീകോവിൽ തുറക്കൽ | രാവിലെ 5.00 മണി | രാവിലെ 3.00 മണി |
| നിർമാല്യ ദർശനം | രാവിലെ 5.05 | രാവിലെ 3.05 |
| ഗണപതി ഹോമം | രാവിലെ 5.30 | രാവിലെ 3.30 |
| നെയ്യഭിഷേകം | രാവിലെ 5.15 – 6.45 | രാവിലെ 3.15 – 6.45 |
| ഉഷ പൂജ | രാവിലെ 7.30 | രാവിലെ 7.30 |
| ഉദയാസ്തമന പൂജ | രാവിലെ 8.00 | സാധാരണ ഇല്ല |
| നെയ്യഭിഷേകം | രാവിലെ 9.00 –11.15 | രാവിലെ 8.00 –11.15 |
| ഉച്ച പൂജ | ഉച്ചയ്ക്ക് 12.00 | ഉച്ചയ്ക്ക് 12.00 |
| ശ്രീകോവിൽ അടയ്ക്കൽ | ഉച്ചയ്ക്ക് 1.00 | ഉച്ചയ്ക്ക് 1.00 |
| ശ്രീകോവിൽ തുറക്കൽ | വൈകിട്ട് 5.00 | വൈകിട്ട് 4.00 |
| ദീപാരാധന | വൈകിട്ട് 6.30 | വൈകിട്ട് 6.30 |
| പുഷ്പാഭിഷേകം | വൈകിട്ട് 6.45 – 9.00 | വൈകിട്ട് 6.45 – 9.00 |
| പടി പൂജ | വൈകിട്ട് 7.00 | ഇല്ല |
| അത്താഴ പൂജ | രാത്രി 9.15 | രാത്രി 9.15 |
| ഹരിവരാസനം | രാത്രി 9.55 | രാത്രി 10.55 |
| ശ്രീകോവിൽ അടയ്ക്കൽ | രാത്രി 10.00 | രാത്രി 11.00 |

*സമയങ്ങൾ പൊതുവായ അറിവിന് മാത്രം നൽകിയിരിക്കുന്നു.
ക്ഷേത്ര ആവശ്യങ്ങൾക്കനുസരിച്ച് ഇവ മാറിയേക്കാം.
കൃത്യമായ വിവരത്തിന് ദയവായി ക്ഷേത്ര അധികാരികളോട് നേരിട്ട് പരിശോധിക്കുക.

———————————————————————————

## ബ്രഹ്മമുഹൂർത്തം – മണ്ഡലവ്രതം





ബ്രഹ്മമുഹൂർത്തം അഥവാ, പ്രഭാതത്തിനുമുമ്പ്, രാത്രിയുടെ അവസാന കാൽഭാഗം. ഈ സമയം നമുക്ക് ബ്രഹ്മം അഥവാ സ്രഷ്ടാവ് തന്നെ ആയിത്തീരാനുള്ള സാധ്യത പ്രധാനം ചെയ്യുന്നുവെന്ന് ഋഷിമാർ കണ്ടെത്തിയിരുന്നു. ഈ സമയം നമുക്ക് നമ്മുടെ ജീവിതത്തെ തന്നെ നമുക്കിഷ്ടമുള്ള രീതിയിൽ രൂപപ്പെടുത്താൻ കൂടിയുള്ളതാണ്.

ബ്രഹ്മമുഹൂർത്തത്തിന്റെ സമയം:

1 (ഒരു) മിനിറ്റ് = 2.5 വിനാഴിക. 1 മണിക്കൂർ= 2.5 നാഴിക. 1 ദിവസം = 1പകൽ + 1 രാത്രി = 24 മണിക്കൂർ = 60 നാഴിക. 30 ദിവസം = 1 മാസം. 360 ദിവസം = 6 മാസം വീതമുള്ള ഉത്തരായന കാലവും ദക്ഷിണായന കാലവും ചേർന്ന 12 മാസം = 1 വർഷം.

മറ്റൊരു കാലഗണനയനുസരിച്ച്: ഒരു ദിവസത്തെ 8 യാമങ്ങളായി തിരിച്ചിരിക്കുന്നു. 1 യാമം = 7.5 നാഴിക = 3 മണിക്കൂർ. പകൽ 4 യാമം, രാത്രി 4 യാമം. ഇതിൽ രാത്രിയിലെ നാലാമത്തെ യാമം, അതായത് ഏകദേശം രാത്രി 3.30 മണി മുതൽ സൂര്യോദയം വരെയുള്ള 3 മണിക്കൂർ സമയമാണ് പവിത്രമായ ബ്രഹ്മമുഹൂർത്തം എന്നറിയപ്പെടുന്നത്.

സദ്ഗുരു (ജഗ്ഗിവാസുദേവ്) വിശദീകരിക്കുന്നു:

ബ്രഹ്മമുഹൂർത്തത്തിൽ എന്ത് സംഭവിക്കുന്നു.. ഈ സമയത്ത് സൂര്യനും ചന്ദ്രനുമായുള്ള ഭൂമിയുടെ ബന്ധത്തിന്റെ സ്വഭാവം കാരണം മനുഷ്യനിൽ (മറ്റ് ജീവജാലങ്ങളിലും) ചില ശാരീരികമായ മാറ്റങ്ങൾ സംഭവിക്കുന്നു – ശരീരത്തിലെ വിസർജ്യ വസ്തുക്കൾക്ക് വരെ – ഉദാഹരണമായി മൂത്രത്തിന് ഈ സമയങ്ങളിൽ ചില പ്രത്യേക ഗുണങ്ങളുണ്ടെന്ന് ആധുനിക വൈദ്യശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

ഒരുപാട് ഗവേഷണങ്ങൾ ഇതിൽ നടന്നിട്ടുണ്ട്. പീനിയൽ ഗ്രന്ഥിയിൽ നിന്നുള്ള മെലാടോണിന്റെ ഉത്പാദനം ഈ സമയത്ത് നടക്കുകയും ശരീരം മുഴുവൻ ഒരു അനുകൂലമായ സാഹചര്യത്തിലാവുകയും ചെയ്യുന്നു. പീനിയൽ ഗ്രന്ഥി പരമാവധി മെലാടോണിൻ ഉത്പാദിക്കുന്നത് ഈ സമയത്തായതിനാൽ, നമ്മൾ ബ്രഹ്മമുഹൂർത്തം പരമാവധി ഉപയോഗപ്പെടുത്തണം, എന്തെന്നാൽ ഈ സമയത്ത് നമുക്ക് സ്ഥിരത കൈവരുത്താനുതകുന്നതാണ്.

'നിങ്ങൾ സൗഖ്യത്തിലാണ്' എന്നാൽ നിങ്ങളുടെയുള്ളിൽ, മനസ്സിന് ചാഞ്ചാട്ടങ്ങളില്ല എന്നാണർത്ഥം. ബ്രഹ്മമുഹൂർത്തത്തിൽ വളരെ അനായാസമായി സൗഖ്യത്തിലെത്താനാകും. ആധുനിക വൈദ്യ ശാസ്ത്രത്തിൽ മെലാടോണിൻ വികാര സ്ഥിരതയ്ക്ക് സഹായിക്കുന്നതാണെന്ന് പറയുന്നു.

ബ്രഹ്മമുഹൂർത്തത്തിൽ ഉണരുന്നത് ഒരാളുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും രോഗങ്ങൾ ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യുന്ന എന്ന് ആയുർവ്വേദത്തെ ക്കുറിച്ചുള്ള ഒരു ഗ്രന്ഥമായ അഷ്ടാംഗ ഹൃദയത്തിൽ കാണുന്നു. ബ്രഹ്മ എന്നാൽ അറിവ്, മുഹൂർത്തം എന്നാൽ

കാലാവധി. അറിവുണ്ടാക്കാൻ അനുയോജ്യമായ സമയമാണ് ബ്രഹ്മ മുഹൂർത്തം.

'ഇന്റർനാഷണൽ ജേണൽ ഓഫ് യോഗ ആന്റ് അലൈഡ് സയൻസസ്' പറയുന്നതനുസരിച്ച്, പ്രഭാതത്തിനു മുമ്പുള്ള സമയത്ത് അന്തരീക്ഷത്തിൽ ഓക്സിജന്റെ ലഭ്യത കൂടുതലുണ്ട്. ഈ പുതിയ ഓക്സിജൻ ഹീമോഗ്ലോബിനുമായി എളുപ്പത്തിൽ കൂടിച്ചേർന്ന് ഓക്സിഹീമോഗ്ലോബിൻ രൂപപ്പെടുന്നു, ഇതിന് ഇനിപ്പറയുന്ന ഗുണങ്ങളുണ്ട്: രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നു. ഊർജനില വർദ്ധിപ്പിക്കുന്നു. രക്തത്തിന്റെ പിഎച്ച് ബാലൻസ് നിലനിർത്താൻ സഹായിക്കുന്നു. വേദന, മരവിപ്പ്, വ്രണം എന്നിവ ഒഴിവാക്കുന്നു. ധാതുക്കളുടെയും വിറ്റാമിനുകളുടെയും ആഗിരണം മെച്ചപ്പെടുത്തുന്നു..

ഈ സമയത്ത് നിങ്ങൾ എഴുന്നേറ്റ് ആത്മീയ സാധനകൾ ചെയ്യുകയാണെങ്കിൽ ഏറ്റവുമധികം ഗുണം ലഭിക്കും. ബ്രഹ്മമുഹൂർത്തം എന്നാൽ സ്രഷ്ടാവിന്റെ സമയം എന്നാണർത്ഥം. ഇത് നമുക്ക് നമ്മളെത്തന്നെ സൃഷ്ടിച്ചെടുക്കാനുള്ള സമയമാണ്. നമുക്ക് അതിരാവിലെ സ്വയം ബ്രഹ്മമാകാം, അങ്ങനെയല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നിങ്ങളെ സൃഷ്ടിച്ചെടുക്കാം.

**മണ്ഡലക്കാലം – വ്രതം.**

മുൻപ് വിശദീകരിച്ച കാലഗണന മനുഷ്യരുമായി ബന്ധപ്പെട്ടതാണ്. ദേവതാ സങ്കല്പമനുസരിച്ച് മനുഷ്യന്റെ ഒരു വർഷം എന്നത് ദേവന്മാർക്ക് ഒരു ദിവസം മാത്രം. മനുഷ്യന്റെ അർദ്ധവർഷം – ഉത്തരായന കാലം (മലയാളവർഷ കാലഗണനയനുസരിച്ച് മകര മാസം മുതൽ മിഥുനം വരെ) ദേവന്റെ പകലും, അടുത്ത അർദ്ധവർഷം – ദക്ഷിണായന കാലം (കർക്കടകം മുതൽ ധനു വരെ) രാത്രിയും. ദേവന്മാരുടെ പകൽ സമയമായ ഉത്തരായന കാലം മനുഷ്യർക്ക് സത്കർമ്മങ്ങൾക്കു ഏറ്റവും ഉത്തമമായി കണക്കാക്കുന്നു. (ഭീഷ്മർ സ്വർഗ്ഗപ്രവേശനത്തിനായി ഉത്തരായനത്തിന്റെ സമാരംഭം വരെ ശരശയ്യയിൽ കിടന്നു).

മനുഷ്യന്റെ രാത്രിയിലെ അവസാനയാമം (രാത്രിയുടെ കാൽഭാഗം) ബ്രഹ്മമുഹൂർത്തം ആണെങ്കിൽ ദേവന്മാരുടെ രാത്രി – ദക്ഷിണായനകാലത്തിന്റെ അവസാന കാൽഭാഗം, അതായത് ഏകദേശം വൃശ്ചികം, ധനു മാസങ്ങൾ, പരിപാവനമായ, ബ്രഹ്മമുഹൂർത്ത സമാനമായി കണക്കാക്കുന്നു. ഇതിൽ വൃശ്ചികം 1 മുതൽ 41 ദിനങ്ങൾ 'മണ്ഡലക്കാലം' എന്നറിയപ്പെടുന്നു.

മറ്റൊരു വ്യാഖ്യാനം: പ്രധാനമായി സൂര്യനേയും ചന്ദ്രനെയും അടിസ്ഥാനമാക്കി രണ്ടു തരം കലണ്ടറുകൾ പ്രചാരത്തിലുണ്ട്. സൗരകലണ്ടർ (solar calendar), ചാന്ദ്രകലണ്ടർ (lunar calendar). സൗരകലണ്ടർ പ്രകാരം ഒരു വർഷത്തിന് 365 ദിവസവും ചാന്ദ്രകലണ്ടർ അനുസരിച്ച് 12x27 = 324 ദിവസവുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 365-324 = 41 ദിവസം ദൈവീകമായ മണ്ഡലക്കാലമായി കണക്കാക്കുന്നു.

ഈ മണ്ഡലക്കാലമാണ് ബ്രഹ്മമുഹൂർത്തത്തിന് തുല്യം ഈശ്വരോന്മുഖമായ സദ്കർമ്മങ്ങൾക്കു ഏറ്റവും ഉത്തമമായി കണക്കാക്കി ശബരിമല തീർത്ഥാടകർ വ്രതം അനുഷ്ഠിക്കുന്നത്. 'സ്വാമിയെ കണ്ടാൽ മോക്ഷം കിട്ടും' – അനവധി ശരണമന്ത്രങ്ങളിലൊന്നായ ഇതിന്റെ ലക്ഷ്യപ്രാപ്തിക്ക് നമ്മുടെ ശരീരത്തേയും മനസ്സിനെയും സംസ്കരിക്കാനായി, ഗുരുസ്വാമിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭക്തിഭാവത്തോടെ അനുഷ്ഠിക്കുന്ന വ്രതമാണ് മണ്ഡലവ്രതം. ബ്രഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ്, കുളിച്ച്, ശുദ്ധി വരുത്തി, ശരണം വിളികളോടെ സ്വാമിയെ തൊഴുത്, ഈശ്വര ഭജനം. (ക്ഷേത്രക്കുളത്തിൽ കുളിച്ച് ക്ഷേത്ര ദർശനം നടത്തുന്നത് ഉത്തമം). എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും അകന്ന്, ലഘുവായി സസ്യാഹാരം മാത്രം കഴിക്കുന്നു. നല്ല വാക്കുകൾ, നല്ല ചിന്തകൾ മാത്രം. ഏത് പ്രവൃത്തി ചെയ്യുമ്പോഴും ഈശ്വര ചിന്തയോടെ ഈശ്വരാർപ്പണമായി ചെയ്യുന്നു. സന്ധ്യയ്ക്കും പ്രഭാതത്തിലേതു പോലെ കുളിച്ച്, ശരണം വിളികളോടെ, സ്വാമി ഭജനം. പൂർണ്ണമായും ബ്രഹ്മചര്യം അനുഷ്ഠാനം. കഴിയുന്നത്ര സമയം ഈശ്വര ചിന്തക്കും, ഭജനത്തിനും, ഈശ്വര ജ്ഞാനത്തിനും ഉപയോഗിക്കുക.... ദിവസങ്ങൾ കഴിയുന്തോറും, ക്രമേണ നമ്മുടെ മനസ്സിന് കൂടുതൽ സമാധാനവും സന്തോഷവും കൈവരുന്നതായി അനുഭവപ്പെടും.. ഈ രീതിയിൽ മുന്നോട്ട് പോകുമ്പോൾ, 41 ദിവസങ്ങളിലെ വ്രതാനുഷ്ഠാനവും കഴിഞ്ഞ് ആ പരമ പവിത്രമായ ശബരിമല സാന്നിധാനത്തിൽ എത്തി ശബരീശനെ ദർശിക്കുമ്പോൾ, ആ പരമാത്മാ ചൈതന്യത്തിൽ സ്വയം ലയിക്കുന്നു...

സ്വാമി ദർശനം കഴിഞ്ഞ് തിരികെ വരുന്ന ഭക്തൻ തികഞ്ഞ സാത്വികനായ ഒരു പുതിയ മനുഷ്യനായി മാറുന്നു.. ശിഷ്ട കാലം സമാധാനവും സന്തോഷവും അനുഭവിച്ച് ജീവിക്കാൻ ഈ മണ്ഡലവ്രതവും സ്വാമി അയ്യപ്പദർശനവും സഹായകമാവുന്നു..

സ്വാമിയേ ശരണമയ്യപ്പാ..!

പി. ഷൺമുഖാനന്ദൻ

———————————————————

## ശബരിമലയും ഞാനും – ഭാഗം 5



(ശ്രീ. മധു കാടാമ്പുഴ, ആദ്ധ്യാത്മിക പ്രഭാഷകൻ, 9846982600 )

### ഗുരുസ്വാമി

മനസ്സുകളുടെ താളം നിയന്ത്രിക്കുന്ന സത്യമാണ് ഗുരു. നമ്മൾ കണ്ടെത്തേണ്ടതല്ല അത്, നമ്മിൽ വന്നു ചേരും. അന്ധകാരത്തെ മാറ്റി ജ്ഞാനം നൽകുന്ന, വെളിച്ചം പകരുന്നതാണ് ഗുരു. ഗുരുസ്വാമി എന്നും വഴികാട്ടിയാകണം. നിർമ്മലമായ ചിട്ടയുടെ ദീപം ആകണം. നീറുന്ന ചിന്തകൾക്ക് ശരണം വിളിയുടെ ശക്തി നൽകുന്ന ആളാകണം. നമ്മുടെ ചിന്തകളെ ആത്മീയ ധാരയിൽ നിർത്താൻ കഴിയുന്ന ആളാകണം.

ധർമ്മ മൂല്യ ചിന്താഗതി പിന്തുടരുന്ന ആളാകണം. ഒരു നിരീശ്വരവാദിക്ക് ഒരിക്കലും ഒരു ഗുരുസ്വാമിയാകാൻ പറ്റില്ല. ദുശ്ശീലങ്ങൾ ജീവിതത്തിൽ ഉണ്ടാകാനേ പാടില്ല. നേരായ വഴിത്താര കാട്ടുന്ന ആളാകണം ഗുരുസ്വാമി, തത്ത്വമസിയുടെ പൊരുൾ പകർന്നു കൊടുക്കാൻ കഴിയണം.

**കെട്ടുനിറക്കൽ**

സ്വയം കെട്ട് നിറച്ച് ശബരിമലയിൽ പോകരുത്, ഗുരുസ്വാമി മുഖേന കെട്ട് നിറക്കണം എന്നാണ് ആചാര്യന്മാർ പറഞ്ഞുവച്ചിരിക്കുന്നത്. ഗുരുസ്വാമി അടങ്ങിയ സംഘത്തിനൊപ്പമാണ് മല ചവിട്ടേണ്ടത്. കൂട്ടത്തിൽ ഏറ്റവും അധികം തവണ മലചവിട്ടിയ ആളെ ഗുരുസ്വാമിയായി കരുതാം.

എട്ടുതവണ മലചവിട്ടിയ ആളെയും ഗുരുസ്വമിയായി കരുതാം. ഗുരുദക്ഷിണ വാങ്ങുക എന്നത് ഗുരുസ്വാമിയുടെ അവകാശമാണ്. എങ്കിലും ദക്ഷിണ ഒരിക്കലും ചോദിച്ച് വാങ്ങുവാൻ പാടില്ല. ദക്ഷിണ കിട്ടിയതിനു ശേഷം അത് എത്രയുണ്ട് എന്ന് എണ്ണി നോക്കുവാനും പാടില്ല. ഒരു അയ്യപ്പൻ എട്ടു തവണ ഗുരുസ്വാമിക്ക് ദക്ഷിണ നല്കണമെന്നാണ് വിധി.

1. മാലയിടുമ്പോൾ
2. കറുപ്പ് അണിയുമ്പോൾ
3. പേട്ട തുള്ളുമ്പോൾ
4. വനയാത്ര ആരംഭിക്കുമ്പോൾ
5. അഴുതയിൽ മുങ്ങി എടുത്ത കല്ല് ഗുരുസ്വാമിക്ക് സമർപ്പിച്ചത് തിരിച്ച് വാങ്ങുമ്പോൾ
6. പമ്പയിൽ കെട്ട് താങ്ങുമ്പോൾ
7. ദർശനം കഴിഞ്ഞ് മലയിറങ്ങുമ്പോൾ
8. മാല അഴിക്കുമ്പോൾ

-എന്നിവയാണ് ഈ എട്ട് സന്ദർഭങ്ങൾ.

വെറ്റില, പാക്ക് (അടയ്ക്ക), യഥാശക്തി പണം എന്നിവയാണ് ദക്ഷിണയ്ക്ക് പതിവ്. ദക്ഷിണ നല്കാനായി എടുക്കുന്ന വെറ്റില ത്രിമൂർത്തി സ്വരൂപത്തെയും, പാക്കും പണവും അതിലെ ലക്ഷ്മി സ്വരൂപത്തെയും സൂചിപ്പിക്കുന്നു. വെറ്റിലയുടെ തുമ്പ്, ദക്ഷിണ കൊടുക്കുന്ന വ്യക്തിയുടെ നേരെപിടിച്ചാണ് ദക്ഷിണ നല്കേണ്ടത്. ഇത് പൂജകനിൽ നിന്നുള്ള പുണ്യം നമ്മിലെയ്ക്ക് പകരുവാൻ ഇടയാകുന്നു.

10 മുതൽ 18 വർഷവും മറ്റും മലചവിട്ടി എന്ന മാനദണ്ഡം വെച്ച് ഒരു സ്വാമിയും ഗുരുസ്വാമി ആവില്ല. ഒരു ഗുരുസ്വാമി എല്ലാ അർത്ഥത്തിലും ആരാധ്യനും, അനുകരണീയനും ആയിരിക്കണം. അദ്ദേഹത്തിന് ശബരിമലക്ക് പോകുന്നതിനുള്ള വ്രതാനുഷ്ഠാനങ്ങളെ പറ്റിയും, കെട്ടുനിറയും അവക്ക് അവശ്യമുള്ള സാധനങ്ങളെ കുറിച്ചും, ശബരിമല ക്ഷേത്രത്തിലെ ആചാരഅനുഷ്ഠാനങ്ങളെ കുറിച്ചും നല്ല അറിവുണ്ടാകണം, അവ പാലിക്കാൻ മറ്റു സ്വാമിമാരെ പഠിപ്പിക്കണം. നിറഞ്ഞ ആനന്ദം നൽകുന്ന അവസ്ഥയാണ് സ്വാമി ജീവിതം. മറ്റ് ചിന്തകൾ എല്ലാം വെടിഞ്ഞ്, ആത്മീയ ധാരയിൽ ജീവിതം ഉൾക്കൊണ്ട് മുന്നോട്ട് പോകുന്നവർ.

ആ വഴിത്താര തുറക്കാൻ, ധർമ്മചിന്ത നിറക്കാൻ, സ്വാമിമാരിൽ കാരുണ്യം നിറക്കാൻ, ഭക്തി നിറക്കാൻ.... ഗുരുസ്വാമിമാർക്ക് ആകണം....
– ശബരിമല യാത്ര, പതിനെട്ടുപടികളിൽ പുണ്യംനിറച്ചു വെച്ചിരിക്കുന്ന ആ സുന്ദരയാത്രക്ക്, തീർത്ഥാടനത്തിന് ഒരുങ്ങാം...... സ്വാമി ശരണം..!!!

————————————————————————

## അയ്യന്റെ ദർശനം പുണ്യ ദർശനം!!!

**['വൈക' യെന്ന തൂലികാനാമത്തിൽ എഴുതുന്ന ശ്രീമതി ഗീത പിഷാരടി, അധ്യാപിക, SASS ഗുജറാത്ത് സംസ്ഥാന സമിതി അംഗമാണ്]**



നാമരൂപജാതിഭേദങ്ങൾക്കതീതമായി ഭക്തനും ഭാഗവാനും ഒരുമിച്ചു ചേരുന്ന പവിത്രസ്ഥലം ശബരിമലയല്ലാതെ വേറെ എവിടെയും കാണാൻ കഴിയില്ലെന്നു തന്നെ പറയാം. നഭസ്സോളം ഉയർന്നു നിൽക്കുന്ന വൻമരങ്ങൾക്കിടയിലൂടെ ശരണം വിളികളുമായി അയ്യനെകാണാൻപോകുന്ന യാത്ര നൽകുന്ന സംതൃപ്തി അതൊന്ന് വേറെ തന്നെയാണ്. ഉറക്കെ ശരണം വിളിക്കുന്നതിന്റെ പിറകിലെ ശാസ്ത്രീയമായ വശം എന്താണെന്നുവെച്ചാൽ, കൂടുതൽ വായു ഉള്ളിലേക്ക് കയറുന്നത് ഉന്മേഷം നൽകും. മനുഷ്യന്റെ ഉള്ളിലെ വായുവിന്റെ പോക്കു വരവിനു തടസ്സം സൃഷ്ടിക്കുന്ന എല്ലാത്തിനെയും ശരണം വിളി ഇല്ലാതാക്കുന്നു. മലയ്ക്ക് മാലയിട്ടു കഴിഞ്ഞാൽ പാലിക്കേണ്ടതു ഒരുപാട് ചിട്ടകളുണ്ട്. ഇവയെല്ലാം മനുഷ്യനിൽ നിറഞ്ഞിരിക്കുന്ന തിന്മകളെ ഇല്ലാതാക്കി, നന്മകളെ പുനരുജ്ജീവിപ്പിക്കാനായുള്ളതാണ്. ശനിയാഴ്ചയോ ഉത്രം നാളിലോ മാലയിടുന്നത് വളരെ നല്ലതാണ്. മാലയിടുമ്പോൾ ഗുരു മന്ത്രം ചൊല്ലിക്കൊടുക്കണമെന്നാണ് വിശ്വാസം. ആ ഗുരു മന്ത്രം ഇങ്ങനെയാണ്..

"ജ്ഞാനമുദ്രാം ശാസ്തൃമുദ്രാം ഗുരുമുദ്രാം നമാമ്യഹം,
വനമുദ്രാം ശുദ്ധമുദ്രാം രുദ്രമുദ്രാം നമാമ്യഹം;
ശാന്തമുദ്രാം സത്യമുദ്രാം വ്രതമുദ്രാം നമാമ്യഹം,
ശബര്യാശ്രമ സത്യേന മുദ്രാംപാതു സദാപിമേ.
ഗുരുദക്ഷിണയാ പൂർവ്വം തസ്യാനുഗ്രഹ കാരണേ,
ശരണാഗത മുദ്രാഖ്യാം തന്മുദ്രം ധാരയാമ്യഹം.
ശബര്യാചല മുദ്രായായ് നമസ്തുഭ്യം നമോനമഃ.
സ്വാമി ശരണം, അയ്യപ്പ ശരണം."

മന്ത്രം ചൊല്ലി മാലയിട്ട് വ്രതശുദ്ധിയോടെ ചിട്ടകൾ പാലിച്ച് കെട്ടുനിറച്ച ശരണം വിളികളുമായി മലചവിട്ടാൻ കഴിയുന്നത്, അയ്യന്റെ ദർശനം ലഭിക്കാൻ സാധിക്കുന്നത്, മുൻജന്മ സുകൃതം തന്നെയാണ്!!

– വൈക –

————————————————————————————

# പുരിയിലെ ശങ്കരാചാര്യ സ്വാമി നിശ്ചലാനന്ദ




ചിത്രത്തിൽ പ്രയാഗ് രാജ് റെയിൽവേ സ്റ്റേഷനിൽ തീവണ്ടി കാത്ത് നിൽക്കുന്ന പുരിയിലെ ശങ്കരാചാര്യ സ്വാമി നിശ്ചലാനന്ദ.

നമുക്ക് സ്വാമിജിയെ പരിചയപ്പെടാം. ഐഎസ്ആർഒ അവരുടെ കൺസൾട്ടൻസി സഹായം സ്വാമിജിയിൽ നിന്ന് പതിവായി വാങ്ങാറുണ്ട്. അമേരിക്കൻ ബഹിരാകാശ ഏജൻസിയും സ്വാമിജിയുടെ കൺസൾട്ടൻസി ഏറ്റെടുത്തിട്ടുണ്ട്. ഉപദേശക സമിതിയിലും അദ്ദേഹത്തിന്റെ പേര് എഴുതിയിട്ടുണ്ട്.

ലോകബാങ്ക് തന്റെ സഹായം എങ്ങനെ സ്വീകരിക്കണം, സാമ്പത്തിക പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണം തുടങ്ങിയ പ്രശ്നങ്ങൾ വേദഗണിതത്തിന്റെ സഹായത്തോടെ അദ്ദേഹം പരിഹരിച്ചു.

ഓക്സ്ഫോർഡിലെയും കേംബ്രിഡ്ജിലെയും ഗണിത ശാസ്ത്രജ്ഞർ സ്വാമിജിയുടെ സേവനങ്ങൾ സ്വീകരിക്കുന്നു. ഇന്ത്യയിലെ ഐഐടികളും ഐഐഎസ്സികളും അദ്ദേഹവുമായി ബന്ധപ്പെടുന്നുണ്ട്. വളരെ ലളിതമായ ജീവിതമാണ് ഈ മഹർഷിക്കുള്ളത്. നിരവധി ക്ലാസിക്കൽ പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. നമ്മുടെ പൂർവ്വികർ എത്ര ജ്ഞാനികളായിരുന്നു എന്ന് ഇതിൽ നിന്ന് ചിന്തിക്കുക.സ്വാമിജിയെക്കുറിച്ചുള്ള വളരെ ഹ്രസ്വമായ ആമുഖമാണിത്.

യുധിഷ്ഠിര ശക സംവത് 2651 അല്ലെങ്കിൽ ബിസി 486 ലെ കാർത്തിക ശുക്ല പഞ്ചമി ദിനത്തിലാണ് ഭഗവത്പാദ ആദിശങ്കരാചാര്യ ജഗന്നാഥ പുരിയിൽ ഗോവർദ്ധന പീഠം സ്ഥാപിച്ചത്. പുരി പീഠം ഋഗ്വേദവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ പ്രധാന പ്രബോധന വിഷയം അല്ലെങ്കിൽ മഹാവാക്യം 'പ്രജ്ഞാനം ബ്രഹ്മ' എന്നാണ്. 2489 വർഷം പഴക്കമുള്ള ശങ്കരാചാര്യരുടെ ഒരു അഖണ്ഡ ശൃംഖലയുണ്ട്. നൂറ്റി നാൽപ്പത്തി നാല് ശങ്കരാചാര്യന്മാർ ഇതിനകം തന്നെ ഈ പീഠം അലങ്കരിച്ചിട്ടുണ്ട്. ഇപ്പോൾ ജഗദ്ഗുരു ശങ്കരാചാര്യ നിശ്ചലാനന്ദ സരസ്വതി-ജി മഹാരാജ് അതിന്റെ 145-ാമത് ശങ്കരാചാര്യരായി വാഴുന്നു.

ഇദ്ദേഹം 1943 ജൂൺ 30-ന് ബീഹാറിലെ മധുബനി ജില്ലയിലെ ഹരിപൂർ ബക്ഷി ടോൾ എന്ന ഗ്രാമത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് പണ്ഡിറ്റ് ശ്രീ

ലാൽവംശി ഝായും അമ്മ ശ്രീമതി ഗീതാദേവിയുമാണ്. അദ്ദേഹത്തിന്റെ പിതാവ് മിഥില പാരമ്പര്യത്തിൽ സംസ്കൃതത്തിൽ ഉന്നത പണ്ഡിതനായിരുന്നു, അന്നത്തെ മിഥില രാജാവിന്റെ (ദർഭംഗ രാജ്യം) കൊട്ടാര വിദ്വാനായിരുന്നു. നിലാമ്പർ എന്നായിരുന്നു സ്വാമിയുടെ മുൻ പേര്. കുട്ടിക്കാലത്ത് നിലാമ്പർക്ക് അതിശയകരമായ സ്വഭാവസവിശേഷതകൾ ഉണ്ടായിരുന്നു, വളരെ പാണ്ഡിത്യവും ബുദ്ധിശക്തിയും ഉണ്ടായിരുന്നു. 17-ആം വയസ്സിൽ, വീട് വിട്ട് തന്റെ ജീവിതയാത്ര തുടങ്ങി.

കാശി, വൃന്ദാവനം, നൈമിഷാരണ്യം, ബദരികാശ്രമം, ഋഷികേശ്, ഹരിദ്വാർ, പുരി, ശൃംഗേരി തുടങ്ങി വിവിധ സ്ഥലങ്ങളിൽ വെച്ച് അദ്ദേഹം വേദങ്ങളുമായി ബന്ധപ്പെട്ട വിവിധ ശാഖകളും വളരെ ഗൗരവത്തോടെ പഠിച്ചു. ധർമ്മ സാമ്രാട്ട് കർപത്രിജി മഹാരാജിന്റെ സമരത്തിൽ, ഗോ സംരക്ഷണത്തിന് വേണ്ടി വാദിച്ചതിന് 1966 നവംബർ 9 മുതൽ 52 ദിവസം തിഹാർ ജയിലിൽ കിടക്കേണ്ടി വന്നു. ഹരിദ്വാറിൽ 1974 ഏപ്രിൽ 18-ന് സംവത് 2031-ലെ വൈശാഖ കൃഷ്ണ ഏകാദശിയിൽ സ്വാമി ശ്രീ കർപത്രിജി മഹാരാജ് അദ്ദേഹത്തിന് നിശ്ചലാനന്ദ സരസ്വതി എന്ന പുതിയ നാമത്തിൽ സന്യാസം നല്കി. അദ്ദേഹത്തിന്റെ കഴിവുകൾ, വൈഭവം, സനാതന ധർമ്മത്തോടുള്ള അർപ്പണബോധം, തന്റെ ഗുരുക്ക ന്മാരിലുള്ള അങ്ങേയറ്റത്തെ വിശ്വാസം എന്നിവയിൽ ആകൃഷ്ടനായ ശങ്കരാചാര്യ സ്വാമി ശ്രീ നിരഞ്ജനദേവ തീർത്ഥ ജി മഹാരാജ് അദ്ദേഹത്തെ പുരിയിലെ ഗോവർദ്ധന പീഠത്തിന്റെ 145-ാമത് ശങ്കരാചാര്യനായി അഭിഷേകം ചെയ്തു.

സനാതന ധർമ്മവും അതിന്റെ മൂല്യങ്ങളും മഹത്വങ്ങളും സംരക്ഷിക്കുന്നതിനായി ആദ്യ ഗുരു ആദിശങ്കരാചാര്യരെ പോലെ പുരിയിലെ ശങ്കരാചാര്യർ ഇന്ത്യയിലുടനീളം വളരെ യാത്ര ചെയ്യുന്നു. ഇന്ത്യയുടെ ഐക്യം, അതിന്റെ പ്രദേശങ്ങളുടെ സംരക്ഷണം, പശു സംരക്ഷണം, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം, ഇന്ത്യയിലെ ബഹുരാഷ്ട്ര കമ്പനികളുടെ പശ്ചാത്തലം എന്നിവയെ കുറിച്ചുള്ള ആശങ്കകൾ അദ്ദേഹം തന്റെ പ്രഭാഷണ ങ്ങളിലൂടെ അഭിസംബോധന ചെയ്യുന്നു. ഈ രാജ്യത്തെ ബുദ്ധിജീവികൾ അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിന് ഒരു പുതിയ ദിശാബോധം പ്രദാനം ചെയ്യുന്ന പരിവർത്തനത്തിന്റെ ഒരു തരംഗത്തിന് തുടക്കമിട്ടിരിക്കുന്നു. 'പീഠപരിഷത്തിന്റെ' നേതൃത്വത്തിൽ ആദിത്യ വാഹിനി, ആനന്ദ വാഹിനി എന്നീ രണ്ട് സംഘടനകളും അദ്ദേഹം സ്ഥാപിച്ചു. ഈ രണ്ട് സംഘടനകളിലൂടെയും അദ്ദേഹം നമ്മുടെ രാജ്യത്തിന്റെ പൗരാണിക സംസ്കാരത്തെ സംരക്ഷിക്കുന്നതിനായി രാജ്യവ്യാപകമായി ഒരു പ്രചാരണത്തിന് നേതൃത്വം നൽകുന്നു.

---

# ഭഗവദ് ഗീത – രണ്ടാം അധ്യായം – സാംഖ്യയോഗം – (ശ്ലോകം : (56-60)



**ശ്ലോകം – 56**

ദുഃഖേഷ്വനുദ്വിഗ്നമനാഃ
സുഖേഷു വിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ
സ്ഥിതധീർ മുനിരുച്യതേ

ദുഃഖങ്ങളിൽ മനസ്സ് തളരാത്തവനും സുഖങ്ങളിൽ ആഗ്രഹമില്ലാത്തവനും (ഇഴുകിചേരാത്തവനും) രാഗം, ഭയം, ക്രോധം, ഇവ ഒഴിഞ്ഞവനുമായ മനനശീലൻ (മുനി) സ്ഥിരബുദ്ധിയുള്ളവൻ എന്ന് പറയപ്പെടുന്നു.

**ശ്ലോകം – 57**

യഃ സർവത്രാനഭിസ്നേഹ-
സ്തത്തൽ പ്രാപ്യ ശുഭാശുഭം
നാഭിനന്ദതി ന ദ്വേഷ്ടി
തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.

യാതൊരാൾ എല്ലായിടത്തും (ഏതിലും) വിശേഷ സ്നേഹമില്ലാത്തവനായി അതത് ഇഷ്ടാനിഷ്ടങ്ങളെ പ്രാപിച്ചിട്ട് അതിൽ പ്രത്യേകമായി സന്തോഷിക്കുന്നില്ലയോ, വെറുക്കുന്നതുമില്ലയോ അവന്റെ ബുദ്ധി ഉറച്ചതാകുന്നു.

**ശ്ലോകം – 58**

യദാ സംഹരതേ ചായം
കൂർമ്മോങ്ഗാനീവ സർവ്വശഃ
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യഃ
തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.

ആമ അംഗങ്ങളെ എന്നപോലെ ഇവൻ (സ്ഥിത പ്രജ്ഞൻ) ഇന്ദ്രിയങ്ങളെ എല്ലാ ഇന്ദ്രിയവിഷയങ്ങളിൽ നിന്നും എപ്പോൾ പിൻവലിക്കുന്നുവോ (അപ്പോൾ) അവന്റെ ജ്ഞാനം ഉറച്ചതാകുന്നു.

**ശ്ലോകം –59**

**വിഷയാ വിനിവർത്തന്തേ**
**നിരാഹാരസ്യ ദേഹിനഃ**
**രസവർജ്ജം രസോപ്യസ്യ**
**പരം ദൃഷ്ട്വാ നിവർത്തതേ.**

**നിരാഹാരനായ മനുഷ്യന് അഭിലാഷമൊഴിച്ചുള്ള വിഷയങ്ങൾ വിട്ടുമാറുന്നു, ഇവന്റെ (സ്ഥിതപ്രജ്ഞന്റെ) അഭിലാഷം പോലും പരമതത്വം അറിഞ്ഞതുകൊണ്ട് (കണ്ടിട്ട്) വിട്ടുമാറുന്നു.**

**ശ്ലോകം – 60**

**യതതോഹ്യപി കൗന്തേയ!**
**പുരുഷസ്യ വിപശ്ചിതഃ**
**ഇന്ദ്രിയാണി പ്രമാഥീനി**
**ഹരന്തി പ്രസഭം മനഃ**

**ഹേ അർജ്ജുന! യത്നിക്കുന്ന വിവേകിയായ പുരുഷന്റെ മനസ്സിനെ പോലും ക്ഷോഭിപ്പിക്കുന്നവയായ ഇന്ദ്രിയങ്ങൾ ബലമായി അപഹരിച്ചുകളയുന്നു.**

**( തുടരും)**

---

# സുഭാഷിതം – 48

**ദദാതി പ്രതിഗൃഹ്ണാതി**
**ഗുഹ്യമാഖ്യാതി പൃച്ഛതി ।**
**ഭുങ്ക്തേ ഭോജയതേ ചൈവ**
**ഷഡ് വിധം പ്രീതിലക്ഷണം ॥**

**ददाति प्रतिगृह्णाति गुह्यमाख्याति पृच्छति ।**
**भुङ्क्ते भोजयते चैव षड्विधं प्रीतिलक्षणम् ।**

**അർത്ഥം:** ദദാതി – കൊടുക്കൽ, പ്രതിഗൃഹ്ണാതി – സ്വീകരിക്കൽ, ഗുഹ്യം – രഹസ്യം, ആഖ്യാതി – പറയൽ, പൃച്ഛതി – ചോദിക്കൽ, – ഭുങ്ക്തേ – ഭക്ഷിക്കൽ, ഭോജയതേ – ഭക്ഷിപ്പിക്കൽ, ചൈവ – തീർച്ചയായും, ഷഡ് വിധം – ആറ് തരം വഴികൾ, പ്രീതിലക്ഷണം – സ്നേഹത്തിന്റെ സവിശേഷതകൾ.

**വിശദീകരണം:** കൊടുക്കലും വാങ്ങലും, രഹസ്യങ്ങൾ കൈമാറലും (പറയലും കേൾക്കലും), ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കലും, ഭക്ഷണം കൊടുക്കലും : സ്നേഹത്തിന്റെ ആറ് സവിശേഷതകളാണ്. എല്ലാവരും ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിലും, ഒരു വ്യക്തി സ്വയം തുറന്നു കാണിക്കുന്നത് അപൂർവമാണ്, ഇത് ഇന്നത്തെ ലോകത്തിന്റെ ഒരു പ്രധാന പോരായ്മയാണ്. മാതാപിതാക്കൾക്കും അവരുടെ കുട്ടികൾക്കും ഇടയിൽ പോലും ഈ കുറവ് നമുക്ക് നിരീക്ഷിക്കാം. എടുക്കുന്നതിനേക്കാൾ കൊടുക്കലാണ് പ്രധാനം; നമ്മൾ എന്ത് എടുത്താലും കൂടുതൽ കൊടുക്കണം. അതുപോലെ, മറ്റുള്ളവരുടെ രഹസ്യങ്ങൾ കേൾക്കാനും, പക്ഷെ

സ്വന്തം രഹസ്യങ്ങൾ പങ്കിടാതിരിക്കാനും ഒരാൾ വലിയ താൽപര്യം കാണിച്ചേക്കാം. ഇത്തരം ഏക പക്ഷീയമായ ഇടപാടുകൾ ആരോഗ്യകരമായ ബന്ധങ്ങൾ നിലനിർത്താൻ അനുയോജ്യമല്ല. സ്നേഹത്തെ പരിപോഷിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും, ഉൾപ്പെട്ടിരിക്കുന്ന എല്ലാ ആളുകളും സജീവമായും ശ്രദ്ധാപൂർവ്വം ബന്ധങ്ങൾ പരിപാലിക്കുകയും അവരുടെ പെരുമാറ്റത്തിൽ തുല്യത നിലനിർത്തുകയും വേണം.

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 33

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം “9447211722” എന്ന നമ്പറിലേക്ക വാട്സാപ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പ വാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. ‘ഋത്വിക്’ എന്ന സംസ്കൃത വാക്കിന്റെ അർത്ഥമെന്താണ്?
2. ഏത് പുരാതന ഹിന്ദു ഗ്രന്ഥത്തിലാണ് ഗുരുത്വാകർഷണ ബലത്തെക്കുറിച്ച് വിവരിക്കുന്നത്?
3. ശ്വസന വിശകലനം കൈകാര്യം ചെയ്യുന്ന ശാസ്ത്രം ഏതാണ്?
4. കർമ്മത്തിന്റെ ചങ്ങലകളിൽ നിന്ന് പുറത്തുകടന്ന് മോക്ഷം നേടാൻ ആളുകൾക്ക് പരിശ്രമിക്കാൻ കഴിയുന്ന കർമ്മഭൂമി എന്നറിയപ്പെടുന്നത് ഏതാണ്?
5. മുദ്ഗല പുരാണത്തിലെ പ്രധാന ദേവത ആരാണ്?
6. പുരി പീഠത്തിലെ ഇപ്പോഴത്തെ ശങ്കരാചാര്യർ ആരാണ്?
7. സുഭാഷിതം പ്രകാരം സ്നേഹത്തിന്റെ ആറ് സവിശേഷതകൾ – പ്രീതിലക്ഷണം എന്തൊക്കെയാണ്?
8. ഹിന്ദു കാലഗണനയനുസരിച്ച് യാമവും ബ്രാഹ്മ മുഹൂർത്തവും എന്താണ് അർത്ഥമാക്കുന്നത്?
9. അയോധ്യയിലെ പുതിയ ക്ഷേത്രത്തിൽ ശ്രീരാമന്റെ വിഗ്രഹം പ്രതിഷ്ഠിക്കാൻ ഉദ്ദേശിക്കുന്ന തീയതി?
10. ശബരിമലയിൽ ഒഴുകുന്ന നദി?

**ഉത്തരങ്ങൾ (ക്വിസ് 32)**

1. ബ്രഹ്മശ്രീ മഹേഷ് പി.എൻ. ശബരിമല ക്ഷേത്ര മേൽശാന്തിയും ബ്രഹ്മശ്രീ മുരളി പി.ജി. മാളികപ്പുറം ക്ഷേത്രം മേൽശാന്തിയുമാണ് വൃശ്ചികം ഒന്നാം തീയതി മുതൽ വരുന്ന വർഷത്തേക്കുള്ള മേൽശാന്തിമാർ.
2. കേരളത്തിലെ ഗുരുവായൂർ ക്ഷേത്രത്തിന് 5 കിലോമീറ്റർ അടുത്തായി അരിയന്നൂരിലാണ് മോഹിനി – ഹരികന്യക ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.
3. RSS ന്റെ ഇപ്പോഴത്തെ സർസംഘചാലക് (തലവൻ)

ഡോ. മോഹൻ ഭഗവത് ആണ്.

4. വിഷ്ണുസഹസ്രനാമം ഭീഷ്മർ ശരശയ്യയിൽ കിടന്നുകൊണ്ട് യുധിഷ്ഠിരന് ചൊല്ലിക്കൊടുത്തു. ശ്രീകൃഷ്ണൻ തന്നെ അത് ശ്രവിക്കുകയും വ്യാസൻ വീണ്ടും എഴുതുകയും ചെയ്തു. ഏകദേശം 5000 വർഷങ്ങൾക്ക് മുമ്പ് കുരുക്ഷേത്രയിൽ മഹാഭാരത യുദ്ധം നടന്ന സമയത്തായിരുന്നു അത്.

5. സുദർശന ചക്രം കൈവശമുള്ളതിനാൽ ശ്രീകൃഷ്ണ ഭഗവാൻ ചക്രപാണി എന്നറിയപ്പെടുന്നു. പാഞ്ചജന്യം (ശംഖ്), കൗമോദകി (ഗദ), പദ്മം (താമര) എന്നിവയും വിഷ്ണുവിന്റെ നാല് കൈകളിലായി കാണാം.

6. ബ്രഹ്മാവിന്റെ വാഹനമാണ് ഹംസം.

7. ഒക്ടോബർ 31-ന് ഇന്ത്യയിൽ ദേശീയ ഏകതാ ദിനം (രാഷ്ട്രീയ ഏകതാ ദിവസ്) ആഘോഷിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ സമന്വയത്തിൽ പ്രധാന പങ്കുവഹിച്ച സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് (2014 മുതൽ) ഈ ദിനം ആചരിക്കുന്നത്.

8. ഗണപതി തന്റെ വക്രതുണ്ഡ അവതാരത്തിൽ വധിച്ച മത്സരാസുരന്റെ പിതാവാണ് ഇന്ദ്രൻ.

9. തിരുവിതാംകൂർ രാജകുടുംബത്തിന്റെ തലവനായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ്മയുടെ (1912-91) ജന്മദിനം ശ്രീ ചിത്തിര ആട്ടവിശേഷമായി (നവംബർ 11) ശബരിമലയിൽ ആഘോഷിക്കുന്നു.

10. മണ്ഡലപൂജ 2023 ഡിസംബർ 27-നും (ധനു 11-ന്) മകരജ്യോതി 2024 ജനുവരി 15-നും (മകരം 1-ന്) കാണാം.

-------------------------------------------

മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:
ആരുമില്ല

-------------------------------------------

# വാർത്തകൾ

ഇന്ന് 2023 ഡിസംബർ 06 ഉത്രം – സ്വാമി അയ്യപ്പന്റെ ജന്മനക്ഷത്രം. SASS ന്റെ ആഭിമുഖ്യത്തിൽ, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ഉത്രം പൂജ നടത്തുന്നു.

*അയ്യപ്പ സേവാകേന്ദ്രം (ASK) – അന്നദാനകേന്ദ്രങ്ങൾ. കേന്ദ്ര അന്നദാനകമ്മിറ്റിയുടെ തീരുമാനപ്രകാരം, മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ പോകുന്ന അയ്യപ്പന്മാർക്ക് വിവിധ സേവനങ്ങൾക്കായി കേരളത്തിനകത്തും പുറത്തുമുള്ള വിവിധ കേന്ദ്രങ്ങളിൽ ASK- അന്നദാന കേന്ദ്രങ്ങൾ അടുത്തിടെ തുറന്നിരിക്കുന്നു. ചില ASK-കളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- സന്നിധാനത്തെ അയ്യപ്പ സേവാകേന്ദ്രം 24 മണിക്കൂറും

ഔഷധയോഗ്യമായ കുടിവെള്ള വിതരണം, സന്നിധാനപരിസരം വൃത്തിയാക്കൽ, 'ഇൻഫർമേഷൻ സെന്റർ ' തുടങ്ങിയവ നടത്തുന്നു.

– എരുമേലി ധർമ്മശാസ്താ ക്ഷേത്രത്തോട് ചേർന്നുള്ള SASS കെട്ടിടത്തിൽ, അന്നദാനം നൽകുന്നു. SASS കൊങ്കൺ സ്റ്റേറ്റ് ആണ് ഇവിടെ സേവന പ്രവർത്തനങ്ങൾ നടത്തുന്നത്.

– ASK വിഴിക്കിത്തോട്, പൊൻകുന്നം–എരുമേലി റൂട്ടിൽ എരുമേലിക്ക് 8 കിലോമീറ്റർ സമീപം, സ്വാമി സത്സ്വരൂപാനന്ദജി ഉദ്ഘാടനം ചെയ്തു, ശ്രീ. വിദ്യാസാഗർ ഗുരുമൂർത്തി സംസാരിച്ചു.

– ASK പത്തനംതിട്ട എടത്താവളം സംസ്ഥാന പ്രസിഡന്റ് ശ്രീ. അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്തു.

– ASK തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രം – ഉദ്ഘാടനം ചെയ്തത് ശ്രീ. എസ്.നന്ദകുമാർ (ഐ.എ.എസ്, മുൻ ജില്ലാ കളക്ടർ) SASS രക്ഷാധികാരിയും മുതിർന്ന ആർ.എസ്.എസ് പ്രചാരകനുമായ മാന്യ എസ്.സേതുമാധവന്റെ സാന്നിധ്യത്തിൽ.

–ASK ചെങ്ങന്നൂർ റെയിൽവേസ്റ്റേഷൻ: ഇൻഫർമേഷൻ സെന്റർ – ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലെ ഹെൽപ്പ് ഡെസ്ക് ഉദ്ഘാടനം ചെയ്തത് ശ്രീ. കെ. സുരേന്ദ്രൻ, ബിജെപി കേരള സംസ്ഥാന അധ്യക്ഷൻ.

– ASK തടങ്കത്ത്, കൃഷ്ണഗിരി–സേലം ദേശീയപാത, ഉത്തര തമിഴ്നാട് നിയന്ത്രിക്കുന്നു.

– ASK തൃപ്രയാർ, തൃശ്ശൂർ ജില്ല, തൃപ്രയാർ ശ്രീരാമ സ്വാമി ക്ഷേത്രത്തിന് സമീപം.

– ASK കടക്കുറിശ്ശി അയ്യപ്പൻകാവ്, കണ്ണനൂർ, N.H.റോഡ്, കണ്ണാടി, പാലക്കാട് ജില്ല.

– ASK ചമ്രവട്ടം അയ്യപ്പക്ഷേത്രം, മലപ്പുറം ജില്ല.

– ASK നാഷണൽ ഹൈവേ ധർമ്മപുരി, ഉത്തര തമിഴ്നാട്.

–ASK വാളയാർ, കോയമ്പത്തൂരിനടുത്ത്, ദക്ഷിണ തമിഴ്നാട്.

– ASK രാമമംഗലം, കോലഞ്ചേരി, മൂവാറ്റുപുഴ നരസിംഹക്ഷേത്ര പരിസരത്ത്.

ASK കൊയിലാണ്ടിയിൽ, കോഴിക്കോട്.

–ASK പന്തീരാങ്കാവ്, എൻ.എച്ച്.റോഡ്, കോഴിക്കോട്

–ASK പുളിയറൈ, ചെങ്കോട്ടൈ, ദക്ഷിണ തമിഴ്നാട്..

–ASK കുന്നംകരയിൽ – പത്തനംതിട്ട

– ASK കാളകെട്ടിയിൽ – കരിമല കാനന പാതയിൽ (ഉടനെ തുറക്കുന്നു)

***പ്രതിഷേധം:** കൊടുങ്ങല്ലൂരിൽ ASK നീക്കം ചെയ്തതിനെതിരെ പ്രതിഷേധം. കൊടുങ്ങല്ലൂർ ക്ഷേത്രസമുച്ചയത്തിൽ SASS ഉൾപ്പെടെയുള്ള വിവിധ ഭക്തസംഘടനകൾ സംയുക്തമായി നടത്തിവന്നിരുന്ന അയ്യപ്പസേവാകേന്ദ്രം നവംബർ 21ന് അർധരാത്രി കനത്ത പോലീസ് സാന്നിധ്യത്തിൽ സംസ്ഥാന സർക്കാർ തകർത്തതിൽ ശബരിമല അയ്യപ്പസേവാ സമാജം സംസ്ഥാന കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു. ഈ ഹിന്ദു വിരുദ്ധ സർക്കാരിന്റെ ഹൈന്ദവ ക്ഷേത്രങ്ങൾക്ക് എതിരെ പ്രത്യേകിച്ച് ശബരിമല തീർഥാടകർക്കെ തിരെയുള്ള ദുഷ്പ്രവർത്തനങ്ങളെ ശക്തമായി എതിർത്ത്, ധർമ്മ സംരക്ഷണത്തിനായി എല്ലാ ഹിന്ദുക്കളെയും സംഘടിപ്പിക്കുന്നതിന് ശബരിമല അയ്യപ്പ സേവാ സമാജം നേതൃത്വം നൽകുമെന്ന് – പ്രസിഡന്റ് ശ്രീ. അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാടും ജനറൽസെക്രട്ടറി ശ്രീ. മുരളികൊളങ്ങാടും പത്രക്കുറിപ്പിൽ അറിയിച്ചു.

*കേരളത്തിലെ SASS തൃശ്ശൂർ ജില്ലാ കമ്മിറ്റി, വിവിധ ഹിന്ദു സംഘടനകളുമായി ചേർന്ന് 13-ാമത് ഹിന്ദു ധർമ്മ പരിഷത്തും ശക്തൻ അയ്യപ്പൻ വിളക്കും 2023 ഡിസംബർ 1, 2, 3 തീയതികളിൽ നടത്തി. രണ്ടാം ദിവസത്തെ പ്രധാന കൺവൻഷനിൽ "പ്രജ്ഞ പ്രവാഹ്" ദേശീയ കൺവീനർ ശ്രീ. ജെ.നന്ദകുമാർ മുഖ്യപ്രഭാഷകനായിരുന്നു. പ്രൊഫ (റിട്ട). എം.വി. നടേശൻ, സ്വാമി അയ്യപ്പദാസ്, ശ്രീ. വി.കെ.വിശ്വനാഥൻ, ശ്രീ. കെ. കിട്ടു നായർ, ശ്രീ. പി.എസ്. രഘുനാഥ്, ശ്രീ. മുരളി കൊളങ്ങാട് തുടങ്ങിയവർ രക്ഷാധികാരികളും പ്രധാന സംഘാടകരുമായിരുന്നു. ഘോഷയാത്രയുടെ അകമ്പടിയോടെ, ആനകളെ അണിനിരത്തിയുള്ള വിളക്ക് എഴുന്നെള്ളിപ്പ്, 'പഞ്ച വാദ്യം', 'ഉടുക്ക് പാട്ട്', 'ചിന്ത് വാദ്യം' തുടങ്ങിയ ആകർഷക പരിപാടികളോടെ, വിപുലമായ 'അയ്യപ്പൻ വിളക്ക്' നടത്തി.

*ഗുജറാത്തിൽ നിന്നുള്ള ശബരിമല തീർത്ഥാടനം SASS ഗുജറാത്ത് ടീം രണ്ടാം വർഷമാണ് സംഘടിപ്പിച്ചത്. തീർത്ഥാടകരുടെ ആദ്യ സംഘം മണ്ഡല സീസണിന്റെ ആദ്യ ആഴ്ചയിൽ തീർത്ഥാടനം പൂർത്തിയാക്കി, യാത്രാ വഴിയിൽ നിരവധി ക്ഷേത്രങ്ങൾ സന്ദർശിച്ച് ഒടുവിൽ സന്നിധാനത്ത് ദിവ്യദർശനം നടത്തി, തിരിച്ചെത്തി. നവംബർ 27-ന് യാത്ര ആരംഭിച്ച രണ്ടാമത്തെ സംഘം 23 ക്ഷേത്രങ്ങളും സന്നിധാനവും സന്ദർശിച്ച് ഡിസംബർ 3-ന് മടങ്ങിയെത്തി. ഈ തീർഥാടക സംഘങ്ങളിൽ വടക്കൻ ഭാരതത്തിൽ നിന്നുള്ള ഭക്തരും ഉൾപ്പെടുന്നു. രണ്ട് തീർത്ഥാടനങ്ങളും ഏകോപിപ്പിച്ചത് SASS ദേശീയ സെക്രട്ടറിമാരായ ശ്രീ. സി.പ്രഭാകരനും ശ്രീ. എസ്. ലക്ഷ്മിനാരായണനുമായിരുന്നു.



### “ഗുജറാത്തിൽ നിന്നുള്ള തീർത്ഥാടക സംഘം ശബരിമലയാത്രാമധ്യേ തൃശ്ശിവപേരൂർ പാറമേക്കാവ് ക്ഷേത്രത്തിൽ”

*2023 നവംബർ 26-ന് പത്തനംതിട്ട ജില്ലയിലെ ആറന്മുളയിലെ നിർവിളാകം ധർമ്മശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് SASS കേരള സ്റ്റേറ്റ് അയ്യപ്പ മഹാസംഗമം, ഗുരുസ്വാമി സംഗമം എന്നിവ നടത്തി. ശ്രീ. അനിൽകുമാർ (റിട്ട. എസ്. പി., സ്വാഗതസംഘം ചെയർമാൻ) SASS പതാക ഉയർത്തിയതോടെ സംഗമം ആരംഭിച്ചു. ശബരിമല-മാളികപ്പുറം ക്ഷേത്രങ്ങളിലെ മുൻ മേൽശാന്തിമാർ, പൂജ്യ സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, മുതിർന്ന ഗുരുസ്വാമിമാർ, ശബരിമല ക്ഷേത്രത്തിലെ വിവിധ ആചാരങ്ങളുമായി ബന്ധപ്പെട്ട ഭക്തർ എന്നിവർ പരിപാടിക്ക് ആശീർവാദം നൽകി. സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ അക്കീരമൻ കാളി ദാസൻ ഭട്ടതിരിപ്പാട് അധ്യക്ഷത വഹിച്ച കൺവൻഷൻ ശ്രീ. ശശികുമാർ വർമ്മ (പന്തളം കൊട്ടാരം) ഉദ്ഘാടനം ചെയ്തു. ശ്രീ. ഈറോഡ് രാജൻ (ദേശീയ ജനറൽ സെക്രട്ടറി) മുഖ്യപ്രഭാഷണം നടത്തി. SASS-ന്റെ മുതിർന്ന പ്രവർത്തകർ - സ്വാമി അയ്യപ്പദാസ്, ശ്രീ. വി.കെ.വിശ്വനാഥൻ, (ട്രസ്റ്റികൾ), എം.കെ. അരവിന്ദാക്ഷൻ (സോണൽ ജനറൽ സെക്രട്ടറി) തുടങ്ങിയവർ പങ്കെടുത്തു. പുതിയ സംസ്ഥാന ഭാരവാഹികൾ: പ്രസിഡന്റ്: അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്, വർക്കിംഗ് പ്രസിഡന്റ്: സ്വാമി അയ്യപ്പദാസ്, ജനറൽ സെക്രട്ടറി: മുരളി കൊളങ്ങാട്, ജോയിന്റ് ജനറൽ സെക്രട്ടറി, അഡ്വ. ജയൻ ചെറുവള്ളിൽ, ട്രഷറർ: നാരായണൻ. ജി.



## “എരുമേലിയിൽ പ്രത്യേക പൂജ – യജ്ഞം”.

സർവ്വലോകനന്മക്കും, സകലരുടെയും ക്ഷേമത്തിനുമായി, ശബരിമല തീർത്ഥാടനത്തിന്റെ, അപകടങ്ങളോ അത്യാഹിതങ്ങളോ ഇല്ലാതെയുള്ള സുഗമമായ പൂർത്തീകരണത്തിനുമായി നവംബർ 8, 9 തീയതികളിൽ എരുമേലി ധര്മ്മ ശാസ്താ ക്ഷേത്രത്തിനടുത്തുള്ള , SASS കെട്ടിടത്തിൽ വെച്ച് പ്രത്യേക പൂജ – യജ്ഞം നടത്തി. ശബരിമല അയ്യപ്പ സേവാ സമാജത്തിന്റെ സുഗമമായ പ്രവര്ത്തന മുന്നേറ്റവും ലക്ഷ്യമിട്ടുകൊണ്ടു കൂടിയാണ് യജ്ഞം സംഘടിപ്പിച്ചത്.

കലിയുഗ വരദൻ സ്വാമി അയ്യപ്പന്റെയും മുപ്പത്തിമുക്കോടി ദേവീദേവന്മാരുടേയും ആശീർവാദത്തോടെ, ബ്രഹ്മശ്രീ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ, അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട്, ലാൽപ്രസാദ് ഭട്ടതിരിപ്പാട് എന്നിവരുടെ സഹായത്തോടെ നടത്തിയ യജ്ഞം ഏകോപിപ്പിച്ചത് സ്വാമി അയ്യപ്പദാസ് ആയിരുന്നു. സർവശ്രീ എൻ.രാജൻ, വി.കെ.വിശ്വനാഥൻ, എസ്. വിനോദ്കുമാർ, മുരളി കൊളങ്ങാട് തുടങ്ങിയ ദേശീയ/സംസ്ഥാനതല കാര്യകർത്താക്കളുടെ സാന്നിധ്യത്തിൽ നടന്ന ഈ പ്രത്യേക യജ്ഞ – പൂജാ ചടങ്ങുകളിൽ അനവധി ഭക്തരും പങ്കാളികളായിരുന്നു.

**ശബരിമല ക്ഷേത്രം തുറക്കുന്ന / അടയ്ക്കുന്ന തീയതികൾ.**

**അടുത്ത 27 ദിവസങ്ങളിൽ.**

**മണ്ഡല പൂജാ തീർത്ഥാടന കാലം** 2023 നവംബർ 16 ന് വൈകുന്നേരം 5 മണിക്ക് ക്ഷേത്രം തുറന്ന് ആരംഭിച്ച്, ഡിസംബർ 27 ന് രാത്രി 11 വരെ തുറന്നിരിക്കും.

**മകരവിളക്ക് തീർത്ഥാടന** കാലത്തിനായി 2023 ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് ക്ഷേത്രം തുറക്കുകയും 2024 ജനുവരി 20 ന് രാവിലെ 6.00 ന് അടയ്ക്കുകയും ചെയ്യും.

**മകരജ്യോതി ദർശനം 2024 ജനുവരി 15-ന് വൈകുന്നേരം**

***************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം – 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്